കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭ - 14-മത് ഫിലിം ഫെസ്റ്റിവൽ നടത്തിപ്പ് ചെലവിലേയ്ക്ക് നഗരസഭാ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

---

സ.ഉ.(സാധാ) നം.1239/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 01/07/2021

പരാമർശം: - തൊടുപുഴ നഗരസഭ സെക്രട്ടറി സമർപ്പിച്ച 18/02/2021 ലെ G4-25037/15 നമ്പർ അപേക്ഷ

2.നഗരകാര്യ ഡയറക്ടർ സമർപ്പിച്ച 19/03/2021 ലെ ശുപാർശ

**ഉത്തരവ്**

തൊടുപുഴ നഗരസഭയും തൊടുപുഴ ഫിലിം സൊസൈറ്റിയും സംയുക്തമായി ചേർന്ന് 2020 ഫെബ്രുവരി 13 മുതൽ 16 വരെ തീയതികളിൽ സംഘടിപ്പിച്ച 14-ാമത് ഫിലിം ഫെസ്റ്റിവൽ നടത്തിപ്പ് ചെലവിലേയ്ക്ക് നഗരസഭാ വിഹിതമായ 60,000/-രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നല്കുന്നതിലേക്കായി ബന്ധപ്പെട്ട കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് സഹിതം നഗരസഭ സെക്രട്ടറി സമർപ്പിച്ച അപേക്ഷ നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊടുപുഴ നഗരസഭയും തൊടുപുഴ ഫിലിം സൊസൈറ്റിയും സംയുക്തമായി ചേർന്ന് 2020 ഫെബ്രുവരി 13 മുതൽ 16 വരെ തീയതികളിൽ സംഘടിപ്പിച്ച 14-ാമത് ഫിലിം ഫെസ്റ്റിവൽ നടത്തിപ്പ് ചെലവിലേയ്ക്ക് നഗരസഭാ വിഹിതമായ 60,000/-രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തൊടുപുഴ നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ